# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 3000 — 03.04.2013- ലെ മറുപടിക്ക്

## പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>,, സി. പി. മുഹമ്മദ്:<br>,, വർക്കല കഹാർ:<br>,, എം. എ. വാഹീദ്: | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിവിധ വകുപ്പുകളെ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണ ബോർഡ് സ്വീകരിച്ചിട്ടുളളത്; | (എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരാറുണ്ട്. ഇതിൽ ഓരോ വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഈ യോഗത്തിൽ നൽകാറുണ്ട്. ഇതുകൂടാതെ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ വകുപ്പ് തലവൻമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിലും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. ഇതു കൂടാതെ ആസൂത്രണ ബോർഡിൽ ' പ്ലാൻ സ്പേസ് ' എന്ന സാങ്കേതിക വിദ്യയിലൂടെ പദ്ധതി പുരോഗതി ഓരോ മാസവും വിലയിരുത്താറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി ചെലവ് സംബന്ധിച്ച് വിവരങ്ങൾ നൽകാത്ത വകുപ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | **(ബി)** | പദ്ധതി ചെലവിന്റെ വിവരങ്ങൾ നൽകാത്ത വകുപ്പുകളോട് ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. |
| (സി) | വിവരങ്ങൾ നൽകാത്ത വകുപ്പുകളുടെ പദ്ധതി വിഹിതം കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ? | **(സി)** | ഇക്കാര്യം പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ.**